**സുവർണ്ണകേരളം**

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
കേരള, തിരുവനന്തപുരം,

നം: ജി(2)52784/2014

തീയതി : 17-11-2014

*E-mail :keralarcs@coop.kerala.gov.in*
*Website:www.cooperation.kerala.gov.in*
*Telephone No. 0471-2330726*

# സർക്കുലർ നം : 51/2014

വിഷയം:- സഹകരണ വകുപ്പ് - പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതി - **"സുവർണ്ണകേരളം"** - നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്ന- സംബന്ധിച്ച്

പരാമർശം:-

********

നൂതനവും ആരോഗ്യകരവുമായ കൃഷി രീതികൾ ഉപയോഗപ്പെടുത്തി സഹകരണ സംഘങ്ങളിലൂടെ കേരളത്തിലെ എല്ലാ വീടുകളിലും പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഒരു പദ്ധതി 'സുവർണ്ണകേരളം' എന്ന പേരിൽ 2014 നവംബർ 1 മുതൽ നടപ്പിലാക്കി വരികയാണ്. കേരള ജനത ഇന്ന് നേരിടുന്ന ഏറ്റവും വലിയ പ്രശ്നമായ സുരക്ഷിത ഭക്ഷണം എന്ന ആവശ്യം, കേരളത്തിലുട നീളം പടർന്ന് പന്തലിച്ചു നിൽക്കുന്ന 14000-ത്തിലധികം സഹകരണ സംഘങ്ങളിലൂടെ ഏറ്റവും വേഗത്തിലും, എളുപ്പത്തിലും, ജനകീയ പങ്കാളിത്തത്തോടെയും പരിഹരിക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ സഹകരണ വകുപ്പ് ലക്ഷ്യമിട്ടിട്ടുള്ളത്. അന്താരാഷ്ട്രതലത്തിൽ, 2014 കുടുംബ കൃഷി വർഷമായി (International Year of Family Farming) ആചരിക്കുവാനുള്ള ഐക്യരാഷ്ട്ര സംഘടനയുടെ ആഹ്വാനവും, ദേശീയതലത്തിൽ പഴം, പച്ചക്കറി വിള വർദ്ധനവിനായി നടപ്പിലാക്കിവരുന്ന സുവർണ്ണ വിപ്ളവവും (Golden Revolution) അടിസ്ഥാനമാക്കിയാണ് കേരള സഹകരണ വകുപ്പ് 'സുവർണ്ണകേരളം' പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളത്. ടി പദ്ധതി നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

- ❖ വീടുകളിൽ അടുക്കളത്തോട്ട നിർമ്മാണം, മട്ടുപ്പാവ് കൃഷി, പോളിഹൗസ് കൃഷി എന്നിവ പ്രോത്സാഹിപ്പിക്കുന്നതിന് സഹകരണ സംഘങ്ങൾ നടപടി സ്വീകരിക്കേണ്ടതാണ്. പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ നിർബന്ധമായും ഈ പദ്ധതി നടപ്പിലാക്കേണ്ടതാണ്. ഇതിനു പുറമേ, പ്രദേശത്തുള്ള എല്ലാ സഹകരണസംഘങ്ങൾക്കും, ഈ പദ്ധതി നടപ്പിലാക്കാവു ന്നതാണ്.
- ❖ അംഗങ്ങൾക്ക്, മേൽ ആവശ്യങ്ങൾക്ക് കൃഷി വായ്പ നൽകുകയും, ടി വായ്പ ഉപയോഗിച്ച് വീട്ടുവളപ്പിൽ അടുക്കളത്തോട്ടം/പച്ചക്കറി കൃഷി നടപ്പിലാക്കുന്നു എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.
- ❖ ഓരോ സഹകരണ സംഘത്തിനും, തങ്ങളുടെ പ്രവർത്തനപരിധിയിൽ വീട് വീടാന്തരം സർവ്വേ നടത്തി ഓരോ വീടിനും, സ്ഥാപനങ്ങൾക്കും, പച്ചക്കറി കൃഷിയ്ക്കുള്ള സാദ്ധ്യത പരിശോധിച്ച്, ആയതിനുള്ള സാമ്പത്തിക/ഭൗതിക സാഹചര്യങ്ങൾക്കായി, ആവശ്യത്തിനനുസരിച്ച് കൃഷി വായ്പ നൽകുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്.

- മേൽ പ്രകാരം വായ്പ നൽകുമ്പോൾ, ആവശ്യത്തിനു മാത്രമുള്ള തുക നൽകുകയോ, സംഘം തന്നെ സ്വന്തം ചെലവിൽ വീട്ടുവളപ്പിൽ/മട്ടുപ്പാവിൽ കൃഷി നടത്തുന്നതിനുള്ള സംവിധാനം ഒരുക്കിക്കൊടുക്കുകയും, ആയതിന് ചെലവാക്കുന്ന തുക അംഗത്തെകൂടി ബോദ്ധ്യപ്പെടുത്തി വായ്പയായി കണക്കാക്കാവുന്നതുമാണ്. എന്നാൽ ഒരംഗത്തിന് നൽകാവുന്ന ഹ്രസ്വകാല കൃഷി വായ്പയുടെ പരമാവധി പരിധി 3 ലക്ഷം രൂപ എന്ന മുൻ വ്യവസ്ഥയിൽ മാറ്റമില്ലാ ത്ത താണ്.
- വായ്പ നൽകുന്നതുകൊണ്ടു മാത്രം, ഈ പദ്ധതി പ്രകാരമുള്ള സംഘങ്ങളുടെ ചുമതല അവസാനിക്കുന്നില്ല. ടി പദ്ധതിയ്ക്ക് സംഘങ്ങൾ നൽകുന്ന പരിരക്ഷ/മാർഗ്ഗനിർദ്ദേശം എന്നതിനെ ആശ്രയിച്ചാണ് പദ്ധതിയുടെ വിജയം. സംഘം പരിധിയിൽ ആരംഭിക്കുന്ന പച്ചക്കറി കൃഷിയ്ക്ക് കൃഷിഭവൻ മുഖേനയോ, സേവന സന്നദ്ധതയുള്ള സർവ്വീസിൽ നിന്നും വിരമിച്ച കൃഷി ആഫീസർമാർ/കൃഷി ഡമോൺസ്ട്രേറ്റർമാർ എന്നിവരുടെ സേവനം ലഭ്യമാക്കിയോ, നിർദ്ദിഷ്ട ഇടവേളകളിൽ, ആവശ്യപ്പെടുന്ന വേളകളിൽ ഭവന സന്ദർശനം നടത്തി കൃഷിയ്ക്ക് ആവശ്യമായ ഉപദേശങ്ങൾ നൽകുന്നതിനുള്ള നടപടികൾ സംഘം തലത്തിൽ സ്വീകരിക്കാവുന്നതാണ്.
- ഈ പദ്ധതി സംബന്ധിച്ച് ഓരോ ഭവനത്തിലും / അംഗങ്ങൾക്കിടയിലും പ്രചാരണം നൽകേണ്ടതാണ്.
- സംഘങ്ങളുടെ സാമ്പത്തിക ഭദ്രതയ്ക്കനുസരിച്ച് സ്വന്തം നിലയിൽ പച്ചക്കറി കൃഷിത്തോട്ടങ്ങൾ/പോളിഹൗസ് പ്രദർശന തോട്ടങ്ങൾ എന്നിവ ആരംഭിക്കാവുന്നതാണ്. അതോടൊപ്പം ഓരോ താലൂക്കിലുമുള്ള മെച്ചപ്പെട്ട സർവ്വീസ് സഹകരണ ബാങ്കുകൾക്ക്, ടി പ്രദേശത്ത് ഓരോ സീസണുകൾക്കും യോജിച്ച പച്ചക്കറികളുടെ വിത്തുകൾ/തൈകൾ എന്നിവ ഇത്തരത്തിലുള്ള പോളീഫാമുകളിൽ വികസിപ്പിച്ച് അംഗങ്ങൾക്ക് സൗജന്യമായോ/മിതമായ വിലയ്ക്കോ വിതരണം ചെയ്യാവുന്നതാണ്.
- കർഷകർക്ക് കൃഷിരീതികളെക്കുറിച്ച് അറിവ് നൽകുന്നതിന് വിദഗ്ധരുടെ സേവനം ലഭ്യമാക്കുന്നതിന്റെ ഭാഗമായി കർഷകരുടെ കൂട്ടായ്മകൾ സംഘടിപ്പിക്കുകയും ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുകയും ചെയ്യാവുന്നതാണ്.
- സംഘം പ്രവർത്തന പരിധിയിൽ പദ്ധതിയുടെ പ്രവർത്തനം പ്രോത്സാഹിപ്പിക്കുന്നതിന് ഈ മേഖലകളിൽ ***<u>പരിചയ സമ്പന്നരും സേവന സന്നദ്ധതയുള്ളവരുടെയും സർവ്വീസിൽ നിന്നും വിരമിച്ചവരടക്കമുള്ളവരുടെയും</u>*** സന്നദ്ധ ഗ്രൂപ്പ് രൂപീകരിക്കുകയും, ഈ പ്രവർത്തനങ്ങൾക്ക് ആവശ്യമായ എല്ലാ സഹായങ്ങളും ഉറപ്പാക്കുകയും ചെയ്യാവുന്നതാണ്.
- പച്ചക്കറികൃഷി കർഷകർക്ക് ആവശ്യകതയനുസരിച്ച് ഉൽപ്പാദനത്തിനും, പോളിഹൗസ് അടക്കമുള്ള അടിസ്ഥാന സൗകര്യങ്ങൾക്കും കൃഷി വായ്പകൾ ലഭ്യമാക്കുകയും വിവിധ ഏജൻസികളിലൂടെ ലഭിക്കുന്ന സബ്സിഡികൾ ലഭ്യമാക്കുന്നതിനുള്ള സഹായങ്ങൾ നൽകുകയും ചെയ്യേണ്ടതാണ്.
- സഹകരണ സംഘങ്ങൾ - കൃഷി ഭവനുകൾ - കർഷകർ തമ്മിലുള്ള യോജിച്ച പ്രവർത്തനം ഉറപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.
- സംഘത്തിന്റെ പ്രവർത്തന പരിധിയിൽ പദ്ധതി നടപ്പിലാക്കുന്നതുവഴി പച്ചക്കറി ഉൽപ്പാദനം കൂടുന്ന മുറയ്ക്ക് വീടുകളിൽ നിന്നും , പച്ചക്കറികൾ/കാർഷിക ഉൽപ്പന്നങ്ങൾ എത്ര അളവായാലും, ആയത് വാങ്ങുകയും, ആയത് സംഘം മുഖേന വിൽപ്പന നടത്തുന്നതിന് പ്രത്യേക വിൽപ്പന കേന്ദ്രങ്ങൾ സംഘം തല

ത്തിൽ ആരംഭിക്കുകയും ചെയ്യാവുന്നതാണ്. സംഘം സ്വന്തം നിലയിൽ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികളും ഈ വിൽപ്പന കേന്ദ്രങ്ങളിലൂടെ വിറ്റഴിക്കാവുന്നതാണ്. വിഷമില്ലാത്ത കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനും, പ്രദേശത്തെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും, ഓരോ വീട്ടിലും ഉൽപ്പാദിപ്പിക്കുന്ന ഏത് ഉൽപ്പന്നമായാലും ആയത് വീട്ടാവശ്യം കഴിഞ്ഞ് സ്വന്തം നിലയിൽ വിൽപ്പന നടത്തുന്നതിനും ഇത്തരം വിൽപ്പന കേന്ദ്രങ്ങളിലൂടെ കർഷകർക്ക് സാഹചര്യമൊരുക്കാവുന്നതാണ്.

- ❖ ഓരോ സംഘവും, ഗുണമേൻമയും അത്യുൽപ്പാദനശേഷിയുള്ള വിത്തുകൾ/തൈകൾ സർക്കാർ കൃഷി ഫാം/നഴ്സറികളിൽ നിന്നും വാങ്ങി സൗജന്യമായോ, മിതമായ വിലയ്ക്കോ അംഗങ്ങൾക്ക് നൽകാവുന്നതാണ്. എന്നാൽ സൗജന്യമായി ലഭ്യമല്ലാതെ വരുന്ന സാഹചര്യത്തിൽ സഹകരണ സംഘങ്ങൾക്ക് അവരവരുടെ ഫണ്ടിൽ നിന്നും പരമാവധി 5,000/- രൂപവരെ ചിലവഴിച്ച് വിത്തുകൾ വാങ്ങി വിതരണം ചെയ്യാവുന്നതാണ്.
- ❖ സംഘം ആഫീസുകളുടെ മട്ടുപ്പാവ്, ആഫീസ് പരിസരം എന്നിവിടങ്ങളിലും പച്ചക്കറി കൃഷി നടത്തുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്. സംഘത്തിന് നേരിട്ട് തരിശു ഭൂമി പാട്ടത്തിനെടുത്ത് പച്ചക്കറി കൃഷി നടത്താവുന്നതാണ്.
- ❖ ബ്ലോക്ക് തലത്തിൽ സഹകരണ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ഫാർമേഴ്സ് സർവ്വീസ് സെൻ്ററിൻ്റെ സേവനം പരമാവധി പ്രയോജനപ്പെടുത്താവുന്നതാണ്.
- ❖ ഓരോ പ്രദേശത്തുമുള്ള മികച്ച പച്ചക്കറി കർഷകർക്ക്/വീട്ടുവളപ്പിൽ പച്ചക്കറി കൃഷി ചെയ്യുന്നവർക്ക് സംഘം തലത്തിൽ വാർഷികാടിസ്ഥാനത്തിൽ അവാർഡുകൾ ഏർപ്പെടുത്താവുന്നതാണ്. ഓരോ സംഘത്തിന്റെയും യൂണിറ്റ് ഇൻസ്പെക്ടർ ഈ പദ്ധതി നടപ്പിലാക്കുന്നതിന്റെ ചുമതലക്കാരനായിരിയ്ക്കും. സംഘം പ്രസിഡന്റ് അദ്ധ്യക്ഷനും, ടി പ്രദേശത്തെ ഗ്രാമ പഞ്ചായത്ത് വാർഡ് മെംബർ, ബ്ലോക്ക് പഞ്ചായത്ത് മെംബർ, കൃഷി ആഫീസർ തുടങ്ങി ടി പ്രവർത്തനത്തിന്റെ വിജയത്തിന് ആവശ്യമായവരെ ഉൾപ്പെടുത്തി സംഘംതല കമ്മറ്റികൾ രൂപീകരിക്കേണ്ടതും, എല്ലാ മാസവും ഈ പദ്ധതി വിലയിരുത്തേണ്ടതും, റിപ്പോർട്ട് ജോയിന്റ് രജിസ്ട്രാർക്കും, സഹകരണസംഘം രജിസ്ട്രാർക്കും നൽകേണ്ടതുമാണ്.
- ❖ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ), ജില്ലാ ജോയിന്റ് രജിസ്ട്രാർ എന്നിവർ അവരവരുടെ അധികാരപരിധിയിലുള്ള സംഘങ്ങളെ സംബന്ധിച്ചിടത്തോളം, മോണിറ്ററിംഗ് യഥാസമയം നടത്തേണ്ടതും ആവശ്യവും പ്രായോഗികവുമായ നിർദ്ദേശങ്ങൾ സംഘങ്ങൾക്ക് നൽകേണ്ടതുമാണ്.

ജനങ്ങൾക്ക് 'സുരക്ഷിത ഭക്ഷണം' എന്നതാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നതെന്നതിനാൽ, ടി ഉദ്ദേശ ലക്ഷ്യങ്ങളുടെ വിജയകരമായ നടത്തിപ്പിന് ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കേണ്ടതാണെന്നും നിർദ്ദേശിക്കുന്നു.

ഒപ്പ്/-
എസ്.ലളിതാംബിക ഐ.എ.എസ്,
സഹകരണസംഘം രജിസ്ട്രാർ

പകർപ്പ്:-

1. എല്ലാ സഹകരണ സംഘം ജോയിൻറ് രജിസ്ട്രാർ(ജനറൽ)മാർക്കും
2. എല്ലാ സഹകരണ സംഘം ജോയിൻറ് ഡയറക്ടർമാർക്കും
3. പ്രസിഡൻറ്/മാനേജിംഗ് ഡയറക്ടർ, സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം
4. ചെയർമാൻ, സംസ്ഥാന സഹകരണ യൂണിയൻ, തിരുവനന്തപുരം.
5. ഡയറക്ടർ, സഹകരണ ആഡിറ്റ് ഡയറക്ടറേറ്റ്, തിരുവനന്തപുരം

6. മാനേജിംഗ് ഡയറക്ടർ/പ്രസിഡൻറ്, സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, തിരുവനന്തപുരം
7. മാനേജിംഗ് ഡയറക്ടർ/ചെയർമാൻ, സംസ്ഥാന സഹകരണ ഹൗസിംഗ് ഫെഡറേഷൻ, എറണാകുളം.
8. പ്രസിഡൻറ്/ജനറൽ മാനേജർമാർ, ജില്ലാ സഹകരണ ബാങ്കുകൾ
9. ചെയർമാൻ, സർക്കിൾ സഹകരണ യൂണിയൻ, .....................................
10. പ്രസിഡൻറ്/സെക്രട്ടറി, അർബൻ ബാങ്ക് ഫെഡറേഷൻ, തിരുവനന്തപുരം
11. പ്രസിഡൻറ്/സെക്രട്ടറി, പി.എ.സി.എസ് അസോസിയേഷൻ, തിരുവനന്തപുരം
12. എല്ലാ അസിസ്റ്റൻറ് രജിസ്ട്രാർ(ജനറൽ)/വാല്യുവേഷൻ ആഫീസർമാർക്കും
13. എല്ലാ അസിസ്റ്റൻറ് ഡയറക്ടർമാർക്കും.
14. ഈ ആഫിസിലെ എല്ലാ അഡീഷണൽ രജിസ്ട്രാർമാർക്കും/സെക്ഷനുകൾക്കും
15. രജിസ്ട്രാറുടെ മേശപ്പുറത്ത്
16. സഹകരണവീഥി/സഹകരണ ജേർണൽ(പ്രസിദ്ധീകരണത്തിന്)
17. സ്റ്റോക്ക് ഫയൽ
18. സ്പെയർ